**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2207** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഐ.ടി. മേഖലയിലെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ടി. മേഖലയിൽ എത്രത്തോളം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഐ. ടി. പാർക്കുകൾ, കമ്പനികൾ എന്നിവയുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സർക്കാർ അധികാരത്തിൽ വന്നശേഷം ഐ.ടി. മേഖലയിൽ ബഹുമുഖങ്ങളായ ഒട്ടേറെ പുരോഗതികൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഐ.ടി വ്യവസായ രംഗത്തെ ലോകോത്തര കമ്പനികളുൾപ്പെടെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്ന രീതിയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങളും വ്യവസായ അന്തരീക്ഷവും 3 സർക്കാർ ഐ.ടി പാർക്കുകളിലും സൃഷ്ടിക്കുവാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.<br><br>സർക്കാർ ഐ.ടി പാർക്കുകളായ തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നിവയുടെ ഉപഗ്രഹ ക്യാമ്പസുകളായി 5G സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി 20 ചെറുകിട ഐ.ടി പാർക്കുകൾ ദേശീയപാത വികസനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി, ദേശിയപാതയോട് ചേർന്ന് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ സ്ഥാപിക്കാൻ വേണ്ടുന്ന നടപടികൾ നടന്നുവരുന്നു. തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നിവിടങ്ങളിലായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കമ്പനികളുടെ എണ്ണം 923 ൽ നിന്നും 1099 ആയി വർധിപ്പിക്കുവാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. |
| (ബി) | യുവ പ്രൊഫഷണലുകൾക്ക് സ്വന്തം നാട്ടിൽ തന്നെ തൊഴിൽ ചെയ്യുവാൻ സാധിക്കുന്ന വിധം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഐ.ടി. മേഖലയിലെ | (ബി) | ഉണ്ട്.<br><br>ഈ സർക്കാർ അധികാരമേറ്റ ശേഷം (2021 മെയ് മുതൽ നാളിതുവരെ) സർക്കാർ ഐ.ടി പാർക്കുകളായ തിരുവനന്തപുരം ടെക്നോപാർക്കിൽ |

| | | | |
|---|---|---|---|
| | ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകാമോ; | | 7000 തൊഴിലവസരങ്ങളും, കൊച്ചി ഇൻഫോപാർക്കിൽ 13000 തൊഴിലവസരങ്ങളും, കോഴിക്കോട് സൈബർപാർക്കിൽ 436 തൊഴിലവസരങ്ങളും ഉൾപ്പെടെ മൊത്തം 20436 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |
| (സി) | ഐ.ടി. സേവന കയറ്റുമതിയിൽ എത്രത്തോളം വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ടെക്നോപാർക്കിന്റെ ഐ.ടി കയറ്റുമതിയിൽ ഏകദേശം 10% ത്തിന്റേയും കൊച്ചി ഇൻഫോപാർക്കിൽ ഏകദേശം 27% ത്തിന്റേയും കോഴിക്കോട് സൈബർപാർക്കിൽ ഏകദേശം 113% ത്തിന്റേയും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ